**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5280** **21-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവ്വകലാശാല പഠന ബോർഡ് പുന:സംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . ഷാഫി പറമ്പിൽ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സർവ്വകലാശാല രൂപീകരിച്ചത് മുതൽ പഠന ബോർഡ് അംഗങ്ങളെ ആരാണ് നാമനിർദ്ദേശം ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ; അതിന് കടകവിരുദ്ധമായി 72 വിവിധ പഠന ബോർഡുകൾ സർവ്വകലാശാല നേരിട്ട് പുന:സംഘടിപ്പിക്കുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; | (എ) | കണ്ണൂർ സർവ്വകലാശാല രൂപീകരിച്ചത് മുതൽ പഠന ബോർഡ് അംഗങ്ങളെ ചാൻസിലർ ആയ ഗവർണ്ണർ ആണ് നാമനിർദ്ദേശം ചെയ്തിരുന്നത്. കണ്ണൂർ സർവ്വകലാശാല ആക്ട് (1996)-ലെയും കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് (1998)-ലെയും, പഠന ബോർഡുകളുമായി ബന്ധപ്പെട്ടുള്ള ചട്ടങ്ങളിലെ വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടതിനാൽ പഠന ബോർഡ് പുനഃസംഘടനാ വിഷയത്തിൽ സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസിലിനോട് നിയമോപദേശം തേടിയിരുന്നു. പ്രൈമറി ലെജിസ്ലേഷൻ ആയ കണ്ണൂർ സർവ്വകലാശാല ആക്ട് (1996)-ലെ ചട്ടങ്ങളാണ് സെക്കണ്ടറി ലെജിസ്ലേഷൻ ആയ കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് (1998)-നും മീതെ നിലനിൽക്കുന്നത് എന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് 72 വിവിധ പഠന ബോർഡുകൾ സർവ്വകലാശാല നേരിട്ട് പുനഃസംഘടിപ്പിച്ചത്. |
| (ബി) | പഠന ബോർഡുകൾ പുന:സംഘടിപ്പിച്ച ശിപാർശ ഗവർണ്ണർ തിരിച്ച് അയച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയ്ക്ക് അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് ഗവർണ്ണർക്ക് നൽകിയ അപേക്ഷ, കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിനും, ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിയ്ക്കും (WA 1530/2021) അനുസൃതമല്ല എന്നറിയിച്ചുകൊണ്ടാണ് ചാൻസലർ തിരിച്ചയച്ചത്. |
| (സി) | പഠന ബോർഡിൽ സർവ്വകലാശാലയുടെ അംഗീകാരമില്ലാത്ത സ്വാശ്രയ കോളേജ് അദ്ധ്യാപകരെയും താരതമ്യേന ജൂനിയർ ആയിട്ടുള്ള | (സി) | ഇല്ല. |

| | | | |
|---|---|---|---|
| | അദ്ധ്യാപകരെയും ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ഗവൺമെന്റ്/എയിഡഡ് കോളേജുകളിലെ സീനിയർ അദ്ധ്യാപകരേയും സർവ്വകലാശാല അദ്ധ്യാപകരെയും മാത്രം പഠന ബോർഡുകളിൽ ഉൾപ്പെടുത്തുവാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കാമോ? | (ഡി) | പഠന ബോർഡുകളിൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നത് സർക്കാർ നിർദ്ദേശപ്രകാരമല്ല. |

സെക്ഷൻ ഓഫീസർ